പോലീസിന്റെ സേവനവേതന നിരക്കുകൾ

* 560 [595] ശ്രീ. ജി.പി. മംഗലത്തുമഠം:
,, എൻ.ഐ. ദേവസ്യ നടക്കുട്ടി:
,, എ.എ. റഹിം:
,, സേവ്യർ അറയ്ക്കൽ:
,, കെ. രാഘവൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ സേവനവേതന നിരക്കുകൾ വർദ്ധിപ്പിക്കണമെന്നുള്ള കേന്ദ്ര-പോലീസ് കമ്മീഷന്റെ നിർദ്ദേശം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യം ഗവൺമെന്റ് പരിഗണിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തുനടപടികളാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്?

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി):

(എ) നാഷണൽ പോലീസ് കമ്മീഷന്റെ നിർദ്ദേശങ്ങൾ ഗവൺമെന്റിന് ലഭിച്ചിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

പോലീസും പൊതുജനങ്ങളും തമ്മിലുള്ള ബന്ധം

* 561 [596] ശ്രീ. പി.ടി. കുഞ്ഞുട്ടിഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസും പൊതുജനങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്താൻ ഗവൺമെന്റ് വല്ല പരിപാടിയും ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ എന്തെന്ന് വ്യക്തമാക്കാമോ?

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി):

(എ) ഉണ്ട്.

(ബി) ഓരോ ജില്ലയിലേയും പോലീസ് ഉദ്യോഗസ്ഥൻമാരുടേയും, എം.പി./എം.എൽ.എ. മാരുടേയും കൺസൾട്ടേറ്റീവ് കമ്മിറ്റി മീറ്റിംഗ് രണ്ടുമാസത്തിലൊരിക്കൽ അതതു ജില്ലയിൽവച്ച് നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഡൽഹിയിലുള്ള കേരളാ ഹൗസ് വിപുലപ്പെടുത്താൻ പരിപാടി

* 562 [598] ശ്രീ. കെ. സുകുമാരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ ഡൽഹിയിലുള്ള കേരളാ ഹൗസ്മാതിരിയുള്ള വിശ്രമമന്ദിരങ്ങൾ മറ്റു വല്ലസംസ്ഥാനങ്ങളിലുമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly